## പതിമൂന്നാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1740          17-06-13 ൽ മറുപടിക്ക്**

### മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള അധികാരം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി നിഷ്കർഷിച്ചുകൊണ്ട് ഉത്തരവിറക്കിയിരുന്നുവോ; | (എ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ ഉത്തരവിന് ശേഷം സംസ്ഥാനത്ത് ഏതെല്ലാം തദ്ദേശസ്ഥാപനങ്ങൾ മദ്യഷാപ്പുകൾ അനുവദിക്കാനുള്ള അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) തിരുവനന്തപുരം ജില്ലയിലെ, പൂവ്വാർ, മാണിക്കൽ, പഴയകുന്നുമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളും, കൊല്ലം ജില്ലയിലെ, കൊല്ലം കോർപ്പറേഷൻ, കൊട്ടാരക്കര, നിലമേൽ, പൂതക്കുളം, കിഴക്കേ കല്ലട, ഇളംമ്പള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളും, പത്തനംതിട്ട ജില്ലയിലെ, അടൂർ, പത്തനംതിട്ട എന്നീ നഗരസഭകളും, ആലപ്പുഴ ജില്ലയിലെ, വള്ളിക്കുന്നം, അമ്പലപ്പുഴ തെക്ക്, ചേപ്പാട്, ഭരണിക്കാവ് എന്നീ ഗ്രാമപഞ്ചായത്തുകളും, കോട്ടയം ജില്ലയിലെ, ചങ്ങനാശ്ശേരി നഗരസഭ, മുളക്കുളം, ഏറ്റുമാനൂർ, കുമരകം, വാകത്താനം, മുണ്ടക്കയം എന്നീ ഗ്രാമപഞ്ചായത്തുകളും, എറണാകുളം ജില്ലയിലെ, കൊച്ചി നഗരസഭ, പൈങ്ങോട്ടൂർ, നെടുമ്പാശ്ശേരി, പുത്തൻ കുരിശ്, കുട്ടംമ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളും, തൃശ്ശൂർ ജില്ലയിലെ, ചേലക്കര ഗ്രാമപഞ്ചായത്തും, ഇടുക്കി ജില്ലയിലെ, മുട്ടം, അണക്കര, കുമളി എന്നീ ഗ്രാമപഞ്ചായത്തുകളും, പാലക്കാട് ജില്ലയിലെ, പറളി ഗ്രാമപഞ്ചായത്തും മദ്യഷാപ്പുകൾ അനുവദിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**